സംസ്ഥാനത്തെ ജയിലുകളും തടവുകാരും

183 (1888) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ജയിലുകളാണ് നിലവിലുള്ളത് ;

(ബി) ഇതിൽ സെൻട്രൽ ജയിലുകൾ, ജില്ലാ ജയിലുകൾ, സബ് ജയിലുകൾ എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(സി) ഇവയിലെല്ലാം കൂടി എത്ര പേരെ പാർപ്പിക്കുവാനുള്ള സൗകര്യമാണുള്ളത് ;

(ഡി) ഇപ്പോൾ എത്ര പേരാണ് സംസ്ഥാനത്തെ ജയിലുകളിൽ ഉള്ളത്;

(ഇ) അതിൽ ശിക്ഷിക്കപ്പെട്ടവർ, റിമാന്റ് തടവുകാർ എത്ര വീതമെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ)52 ജയിലുകളും ഒരു ബോർസ്റ്റൽ സ്കൂളും നിലവിലുണ്ട്.

(ബി)	ജയിലുകളുടെ പേര്	ജയിലുകളുടെ എണ്ണം
1.	സെൻട്രൽ ജയിൽ	3
2.	തുറന്ന ജയിൽ	2
3	വനിതാ ജയിൽ	3
4.	വനിതാ തുറന്ന ജയിൽ	1
5.	ജില്ലാ ജയിൽ	10
6.	സ്പെഷ്യൽ സബ് ജയിൽ	17
7.	സബ് ജയിൽ	16
8.	ബോർസ്റ്റൽ സ്കൂൾ	1

(സി) 52 ജയിലുകളും ബോർസ്റ്റൽ സ്കൂളിലുമായി 6217 അന്തേവാസികളെ പാർപ്പിക്കാനുള്ള ശേഷിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 10-6-2015-ലെ കണക്കുപ്രകാരം ആകെ 6965 തടവുകാരുണ്ട്.

(ഇ) 10-6-2015-ലെ കണക്കനുസരിച്ച് 2831 ശിക്ഷിക്കപ്പെട്ട തടവുകാരും 4134 റിമാന്റ് തടവുകാരുമുണ്ട്.

ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവെൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട്

184 (1889) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷെഡ്യൂൾസ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) നിയമം ഫലപ്രദമായി നടപ്പാക്കപ്പെടുന്നു എന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) ഏറ്റവും ഒടുവിൽ ഇക്കാര്യങ്ങൾ അവലോകനം ചെയ്തത് എപ്പോഴാണെന്നും ഇപ്രകാരം എത്തിച്ചേർന്ന നിഗമനങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ ;

(ഡി) പട്ടിക വിഭാഗങ്ങൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളിൽ ഈ ആക്ടുമായി ബന്ധപ്പെട്ട് നിയമാനുസൃത കടമ നിർവ്വഹിക്കാത്തതിന്റെ പേരിൽ ഉദ്യോഗസ്ഥർക്കെതിരെ കേസെടുക്കുകയുണ്ടായോ ; എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ) ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവെൻഷൻ ഓഫ് അട്രോസിറ്റീസ്: ആക്ട് ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി-പട്ടിവർഗ്ഗ വിഭാഗങ്ങൾക്കുനേരെ അതിക്രമം നടന്നതായി വിവരം ലഭിച്ചാൽ സബ് ഡിവിഷണൽ പോലീസ് ഓഫീസർ സ്ഥലം സന്ദർശിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിലേക്ക് അയയ്ക്കുകയും അട്രോസിറ്റി ആക്ട് പ്രകാരമുള്ള കുറ്റകൃത്യങ്ങൾ നടന്നാൽ ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവെൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് (1989)-ലെ ബന്ധപ്പെട്ട സെക്ഷൻ ഉൾപ്പെടുത്തി കേസ്സ് രജിസ്റ്റർ ചെയ്യുകയും ചെയ്യുവരുന്നു. അതിക്രമങ്ങൾക്ക് ഇരയായവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതിനായി എഫ്.ഐ.ആറിന്റെ പകർപ്പ്, കളക്ടറേറ്റിലേക്ക് യഥാസമയം അയച്ചു കൊടുക്കുന്നുണ്ട്. ഇപ്രകാരമുള്ള കേസ്സുകൾ ഡിവൈ.എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് അന്വേഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly